# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2407** **19.07.2016** -ൽ മറുപടിക്ക്

**പൈതൃക നിർമ്മിതികളുടെ സംരക്ഷണവും നവീകരണവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് കുന്നപ്പിള്ളി:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ.അൻവർ സാദത്ത്:<br>ശ്രീ. കെ.മുരളീധരൻ: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ബഹു.തുറമുഖവും പുരാവസ്തുവും<br>മ്യൂസിയവും പുരാരേഖയും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്രധാന കൊട്ടാരങ്ങളുടെ സംരക്ഷണത്തിനും പൈതൃക നിർമ്മിതികളുടെ നവീകരണത്തിനും കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ എന്ന വ്യക്തമാക്കാമോ ; | (എ) | ചരിത്രപരവും പൈതൃക പ്രാധാന്യമുള്ളതും 100 വർഷത്തിൽ കുറയാതെ കാലപ്പഴക്കം ഉള്ളതുമായ കെട്ടിടങ്ങളെ 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് ഇവയ്ക്ക് ആവശ്യമായ സംരക്ഷണ ജോലികൾ ചെയ്തു പോരുന്നു. പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന് മാത്രമായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ഹിൽപാലസ് മ്യൂസിയം, കോയിക്കൽ കൊട്ടാരം പഴശ്ശിരാജാ മ്യൂസിയം എന്നിവിടങ്ങളിൽ കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പങ്കാളിത്തത്തോടെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള പൈതൃക മന്ദിരങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ അഭ്യർത്ഥന പ്രകാരം ആവശ്യമായ സംരക്ഷണ പണികൾ പുരാവസ്തു വകുപ്പ് ചെയ്തുപോരുന്നു. പൈതൃക മന്ദിരങ്ങളുടെ സംരക്ഷണ പ്രവർത്തന ങ്ങൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ പ്രവർത്തിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചിരിക്കുന്നതെന്ന വിശദീകരിക്കാമോ ; | (ബി) യും സി യും | ഒരു ദേശത്തിന്റെ തനത് സംസ്കാരവുമായി ബന്ധപ്പെട്ട പൈതൃക ശേഷിപ്പുകൾ സംരക്ഷിക്കുകയെന്നത് ആ ദേശത്തിന്റെ തന്നെ ആവശ്യകതയാണ്. കൂടാതെ വരും തലമുറയ്ക്ക് പൂർവ്വികരെക്കുറിച്ച് അഭിമാനിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള അവസരവും പൈതൃക നിർമ്മിതികൾ സംരക്ഷിക്കുന്നത് വഴി ലഭിക്കും. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയം, കോയിക്കൽ കൊട്ടാരം, |
| (സി) | ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന വിവരിക്കാമോ ? | | |

| | | | |
|---|---|---|---|
| | | | പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നത് മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായ കേരളം മ്യൂസിയം വഴിയാണ്. പുരാവസ്തു വകുപ്പിന്റെ സംരക്ഷിതസ്മാരകമല്ലാത്ത പൈതൃക കെട്ടിടങ്ങളുടെയും, മേഖലകളുടെയും കണ്ടെത്തൽ, മറ്റ് അനുബന്ധ നടപടികൾ എന്നിവ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ മുഖാന്തിരം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ